

# തിളക്കം

സെന്റ് അഗസ്റ്റിൻസ് ഹയർസെക്കന്ററി സ്കൂൾ ബുള്ളറ്റിൻ

**ST. AUGUSTINE'S HIGHER SECONDARY SCHOOL, RAMAPURAM**



ramapuramstaugustineshss@gmail.com

May 2020






പ്രിയ രക്ഷിതാവേ,

സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്നേഹാന്വേഷണങ്ങൾ. താങ്കളുടെ കുട്ടിക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഇതുവരെ നമ്മുടെ സ്കൂൾ ഏറെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പ്രതിഭാശാലികളായ അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു ശ്രേഷ്ഠ കലാലയമാണ് നമ്മുടേത്. പഠനമികവിനോടൊപ്പം പാഠ്യേതര രംഗങ്ങളിലും ഉയർന്ന നേട്ടങ്ങൾ കൈവരിക്കാനായി എന്നത് പ്രശംസനീയമായ കാര്യമാണ്. ഈ വർഷം 53 കുട്ടികൾക്ക് NCC യ്ക്കും 17 കുട്ടികൾക്ക് റെഡ് ക്രോസിനും 9 പേർക്ക് ലിറ്റിൽ കൈറ്റ്സിനും ഒരു വിദ്യാർത്ഥിക്ക് ഗണിതശാസ്ത്രമേളയ്ക്കും ഗ്രേസ്മാർക്ക് ലഭിക്കുകയുണ്ടായി. മുൻവർഷം SSLC ക്ക് 100% വിജയവും 13 ഫുൾ എ പ്ലസും കരസ്ഥമാക്കുവാൻ നമുക്ക് സാധിച്ചിരുന്നു. ഈ വർഷവും മികച്ച വിജയമാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. അധ്യാപകരും വിദ്യാർത്ഥികളും അതിനുള്ള കഠിന ശ്രമത്തിലാണ്. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകി മുൻനിരയിലേയ്ക്ക് എത്തിക്കാനുള്ള പരിശ്രമങ്ങൾ നടത്തിവരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ ഹൈടെക് ക്ലാസ്സ് റൂമുകൾ നമ്മുടെ സ്കൂളുകളിൽ പരിപൂർണ്ണ സജ്ജമായിരിക്കുന്നു.

നമ്മുടെ കുട്ടികൾ ഇംഗ്ലീഷ് പ്രാവീണ്യം നേടണമെന്ന ഉദ്ദേശ്യത്തോടെ പ്രത്യേക ഇംഗ്ലീഷ് ഗ്രാമർ - സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ ഞാൻ നടത്തുന്നുണ്ട്. അതിന്റെ പ്രയോജനം കുട്ടികൾക്ക് ലഭിക്കുന്നുണ്ട് എന്നു ഞാൻ തിരിച്ചറിയുന്നു.

മെച്ചപ്പെട്ട ഈ സേവനങ്ങൾ നമ്മുടെ കുട്ടികൾക്കും ലഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് 5-9 ക്ലാസ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. (ഇംഗ്ലീഷ് മീഡിയം - മലയാളം മീഡിയം). ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി അഡ്മിഷന് മുൻഗണന ലഭിക്കുന്നതാണെന്ന കാര്യം കൂടി അറിയിക്കുന്നു. താങ്കളുടെ കുട്ടിയെ രാമപുരം സെന്റ് അഗസ്റ്റിൻസ് കുടുംബത്തിലേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

രാമപുരം | മാനേജർ
03-05-2020 | ഡോ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ

## അക്ഷരത്തിളക്കിന്റെ 101-ാം വർഷത്തിലേയ്ക്ക്











വായനാവാരം





യോഗ പരിശീലനം









മാനേജർ നയിക്കുന്ന പ്രത്യേക സ്പോക്കൺ ഇംഗ്ലീഷ് - ഗ്രാമർ ക്ലാസ്സുകൾ



മെരിറ്റ് ഡേ







രക്ഷകർത്തൃ ബോധവത്ക്കരണ ക്ലാസ്സ്















N.C.C.



# പ്രശസ്ത കവയിത്രി ലളിതാംബിക അന്തർജനത്തിന്റെ മകനും റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥനുമായ ശ്രീ. N. രാജേന്ദ്രനുമായി സെന്റ് അഗസ്റ്റിൻസിലെ വിദ്യാർത്ഥികൾ നടത്തിയ അഭിമുഖം

**സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങി വരാത്ത അന്നത്തെ കാലഘട്ടത്തിൽ എഴുത്തിന്റെ വഴിയിലേക്ക് ലളിതാംബിക അന്തർജ്ജനം എത്തിപ്പെട്ടതും, അവർക്ക് പ്രചോദനം നൽകിയതും ആയ സാഹചര്യങ്ങൾ എന്ത്?**

അമ്മ സ്കൂളിൽ പോയിട്ടില്ല. വീട്ടിലിരുന്നുതന്നെയാണ് അമ്മ ഹിന്ദിയും മലയാളവും പഠിച്ചത്. പക്ഷേ, ധാരാളം വായിക്കുവാനും പഠിക്കുവാനും ഇഷ്ടമുള്ള ആളായിരുന്നു. അമ്മയുടെ അച്ഛന് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണമെന്നുണ്ടായിരുന്നു. പക്ഷേ, സ്കൂൾ അടുത്ത് അല്ലാത്തതിനാൽ അത് സാധിച്ചില്ല. എഴുത്തും വായനയും പഠിച്ച ശേഷവും ധാരാളം വായിച്ചു. വായനയിലൂടെ എഴുതുന്ന ലോകത്തേക്ക് എത്തിപ്പെട്ടു. പതിമൂന്നാം വയസ്സു മുതൽ ചെറിയ കൃതികളൊക്കെ എഴുതി തുടങ്ങി. കുടുംബത്തിൽ എല്ലാവരും പിന്തുണ നൽകി. അമ്മയുടെ അമ്മ നന്നായി എഴുതുമായിരുന്നു. അങ്ങനെ എല്ലാവരുടെയും പിന്തുണ ലഭിച്ചിട്ടുണ്ട്.

**താങ്കൾ ആദ്യമായി വായിച്ച അമ്മയുടെ കൃതി ഏതാണ്?**

അമ്മയുടെ 150-ഓളം ചെറുകഥകൾ, കവിതകൾ, ബാലസാഹിത്യകൃതികൾ, നോവലുകൾ, ഉപന്യാസങ്ങൾ, യാത്രാവിവരണങ്ങൾ എല്ലാം വായിച്ചിട്ടുണ്ട്. ഞാൻ അമ്മയുടെ ഏറ്റവും ഇളയ പുത്രനാണ്. ഞാൻ ജനിക്കുന്നതിനു മുമ്പ് അമ്മ മിക്ക കൃതികളും രചിച്ചിരുന്നു. വായന എന്നത് ഒരു കണ്ടിന്യൂസ് പ്രോസസ് ആണ്. 3-4 വയസ്സു മുതൽ ഞാൻ വായിച്ചിരുന്നു.

**എങ്ങനെയാണ് സിവിൽ സർവീസിൽ എത്തിയത്?**

എം.എ. തിരുവനന്തപുരത്തായിരുന്നു. സഹോദരന്മാരാണ് എം.എ കഴിഞ്ഞപ്പോൾ സിവിൽ സർവീസ് എഴുതുവാൻ നിർബന്ധിച്ചത്. അങ്ങനെയാണ് ഞാൻ സിവിൽ സർവീസിൽ എത്തിയത്. കുടുംബത്തിൽ എല്ലാവരും പ്രശസ്തരായ എഴുത്തുകാരാണ്. ഞാൻ ചെറിയ രീതിയിൽ എഴുതും. പക്ഷേ എഴുത്തിന്റെ ലോകത്തേക്ക് തിരക്കുമൂലം എത്തിപ്പെടാൻ കഴിഞ്ഞില്ല. ഇനി അങ്ങനെ ഒരു പ്ലാൻ ഉണ്ട്.

**അമ്മയുടെ എഴുത്തിനെ കുറിച്ചുള്ള ഓർമ്മകൾ?**

അമ്മയുടെ ആത്മകഥയിൽ ഇതിനെകുറിച്ച് പറഞ്ഞിട്ടുണ്ട്. കൃത്യമായ സമയം ഒന്നുമില്ല. 7 കുട്ടികളുടെയും കാര്യങ്ങൾ നോക്കിയതിനുശേഷം ലഭിക്കുന്ന കുറച്ചു സമയം കൊണ്ടാണ് അമ്മ എഴുതിയിരുന്നത്. രാവിലെയോ, ഉച്ചയ്ക്കോ, വൈകിട്ടോ, ഉറക്കമുണർന്ന് രാത്രിയിലോ ഒക്കെയാണ് അമ്മ എഴുതിയിരുന്നത്. പ്രത്യേക സമയം ഒന്നും ഉണ്ടായിരുന്നില്ല.

**അമ്മയുടെ കൃതികളിലെ കഥാപാത്രങ്ങൾക്ക് ജീവിച്ചിരിക്കുന്ന ആളുകളുമായി സാദൃശ്യം ഉണ്ടോ?**

എഴുത്തുകാർക്ക് എന്തെങ്കിലുമൊക്കെ അനുഭവം കാണും. അനുഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് അവർ കൃതികൾ രചിക്കുന്നത്. അനുഭവങ്ങളുടെ കൂടെ ഭാവനയും ചേരുമ്പോഴാണ് ഒരു കൃതി രൂപപ്പെടുന്നത്. അഗ്നിസാക്ഷിയിലെ ഭ്രാന്തി ചെറിയമ്മയെ എനിക്ക് ഓർമ്മയുണ്ട്. ജീവിച്ചിരുന്നതാണ്. യേശുക്രിസ്തുവിനെ കുറിച്ചും ഗാന്ധിജിയെ കുറിച്ചും നെഹ്റുവിനെ കുറിച്ചും എല്ലാം അറിയാവുന്ന വിവരങ്ങൾ വച്ച് കൃതികൾ എഴുതിയിട്ടുണ്ട്.

**താങ്കളുടെ ജീവിതത്തിൽ അച്ഛനും അമ്മയും ചെലുത്തിയ സ്വാധീനം?**

അച്ഛൻ, അമ്മ, സഹോദരങ്ങൾ, ഗുരുക്കന്മാർ ഇവരെല്ലാം എന്നെ സ്വാധീനിച്ചിട്ടുണ്ട്. അച്ഛനും എഴുതുമായിരുന്നു.

**പൂർവ്വ വിദ്യാലയമായ സെന്റ് അഗസ്റ്റിൻസിനെക്കുറിച്ച് താങ്കളുടെ ഓർമ്മകൾ വിവരിക്കുമോ?**

ആറു വർഷം അവിടെ പഠിച്ചു. അധ്യാപകർ, ഹെഡ്മാസ്റ്റർ, പള്ളി, പെരുന്നാൾ ഇവയെല്ലാം എനിക്ക് ഓർമ്മയുണ്ട്. കെ.റ്റി. തോമസ് സാർ ആണ് എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്. രാമൻകുട്ടിസാർ, ഹിന്ദി പഠിപ്പിച്ച നമ്പൂതിരിസാർ, റ്റി.ജെ. ജോസഫ് സാർ ഇവരെയൊക്കെ ഞാൻ സ്നേഹത്തോടെ ഓർക്കുന്നുണ്ട്.

**താങ്കളുടെ കുടുംബത്തെക്കുറിച്ച്?**

ഭാര്യ സാവിത്രി, രണ്ട് ആൺകുട്ടികൾ. ഒരാൾ ദുബായിൽ, മറ്റെയാൾ മാൾട്ടയിൽ. കുട്ടികൾ കുടുംബമായി അവിടെത്തന്നെയാണ്.

**ഔദ്യോഗിക ജീവിതത്തെക്കുറിച്ച്?**

തിരക്കുപിടിച്ച ജീവിതം ആയിരുന്നു. ഇന്നത്തെപോലെയല്ല. കാട് നിറഞ്ഞ പ്രദേശങ്ങളിലൂടെയായിരുന്നു ജോലി. എല്ലാ ദിവസവും ഓരോ ഓർമ്മകളാണ്. ഓരോ ദിവസത്തിനും അതിന്റേതായ പ്രാധാന്യമുണ്ടായിരുന്നു. മറക്കാനാവാത്ത ഓർമ്മകൾ ആണ് അവയെല്ലാം. ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

**അങ്ങ് കുട്ടികൾക്ക് നൽകുന്ന സന്ദേശം എന്ത്?**

സമൂഹമാണ് ഏറ്റവും വലുത്. സമുദായത്തെക്കുറിച്ച് ഓർക്കരുത്. 95% സമൂഹത്തിനായി ജീവിക്കുക. അത്യാവശ്യം ഉണ്ടെങ്കിൽ മാത്രം ജാതി, മത സംഘടനകളിൽ പങ്കെടുക്കുക. സാമൂഹിക പ്രതിബദ്ധതയുള്ള സംഘടനകളിൽ അംഗമായിരിക്കുക. ചക്രവാളസീമകൾക്ക് അതിരില്ല. ലോകം വിശാലമാണ്. വെറുപ്പിനും സ്നേഹത്തിനും അതിരില്ല. അതിനാൽ നന്മ ചെയ്ത് ജീവിക്കുക. മറ്റുള്ളവർക്ക് മാതൃകയാവുക.









# ഓരോ ചുവടിലും ജാഗ്രത പുലർത്തണം

ആധുനികസമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്താണ് മദ്യ–മയക്കുമരുന്നുകളുടെ ഉപയോഗം. മുതിർന്നവരെന്നോ കുട്ടികളെന്നോ ഭേദമില്ലാതെ മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമയായിത്തീരുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കേവലമൊരു രസത്തിന്റെ പേരിലോ, കൂട്ടുകെട്ടുകളുടെ പേരിലോ തുടങ്ങുന്ന ഈ ദുശ്ശീലം പിന്നീട് പലരേയും അതിന്റെ അടിമയാക്കി മാറ്റുന്നു എന്നതാണ് യാഥാർത്ഥ്യം. മദ്യത്തിനും മയക്കുമരുന്നിനും ഇതര ലഹരിവസ്തുക്കൾക്കും അടിമകളായിത്തീരുന്ന വിദ്യാർത്ഥികളുടെ എണ്ണം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.

മദ്യവും മയക്കുമരുന്നും ഉയർത്തുന്ന ശാരീരിക, മാനസിക, ആരോഗ്യ–സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് നല്ലതാണ്. കൈയിലെ പണം കൊടുത്ത് മരണം വിലയ്ക്കു വാങ്ങുകയാണ് ഇത്തരക്കാർ ചെയ്യുന്നത്. മയക്കുമരുന്നിനടിമയാകുന്നവരുടെ ആരോഗ്യം നഷ്ടമാകുന്നു. മാതാപിതാക്കളെയും സഹോദരങ്ങളെയും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലേക്ക് അത് അവരെ തള്ളിവിടുന്നു. സ്ഥിരമായി ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവർ ചെയ്തുകൂട്ടുന്ന അക്രമപ്രവർത്തനങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്. ഏതു നീചമാർഗ്ഗം ചെയ്തും പണം സമ്പാദിക്കാനും ലഹരിവസ്തുക്കൾ വാങ്ങാനും ഇത്തരക്കാർക്ക് യാതൊരു മടിയുമില്ല. നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നതിനും, കൊലപാതകങ്ങൾ, പീഢനങ്ങൾ എന്നിവ നടത്തുന്നതിലും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവർ മുൻപന്തിയിലാണ്. ലഹരിവസ്തുക്കൾ ഉപയോഗിക്കാത്തവർ മോശക്കാരാണെന്ന ചിന്ത യുവതലമുറയെ സ്വാധീനിച്ചിരിക്കുന്നു. തെറ്റാണെന്നറിഞ്ഞിട്ടും അതിൽ തുടരുന്നവർ ധാരാളമാണ്. മയക്കുമരുന്നു മഫിയായ്ക്ക കീഴ്പ്പെട്ടുപോയവർക്ക് തിരിച്ചുവരവ് ദുഷ്കരമാണ് എന്ന് നാം തിരിച്ചറിയണം.

വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുവേണ്ടി മിഠായി, സിപ്–അപ് തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ ചെറിയ അളവിൽ ലഹരിവസ്തുക്കൾ കലർത്തി വില്പന നടത്തുന്നവരുണ്ട്. അതുകൊണ്ടാണ് ചില സാധനങ്ങളോട് കുട്ടികൾക്ക് വല്ലാത്ത പഥ്യം തോന്നുന്നത്. വളരെ ചെറുപ്പത്തിൽ തന്നെ ഇത്തരം ലഹരിവസ്തുക്കൾക്ക് അടിമയായാൽ പിന്നെ അതിൽ നിന്നും മോചനം ലഭിക്കുകയില്ല. .. എന്നതാണ് മയക്കുമരുന്നു മാഫിയയുടെ മുദ്രാവാക്യം തന്നെ. ഇത്തരം ചതിക്കുഴികളിൽ വീണ് ഇരുളടഞ്ഞുപോയ എത്രയോ ബാല്യങ്ങൾ നമ്മുടെ ചുറ്റുവട്ടത്തുണ്ട്. മുടി നീട്ടിവളർത്തി, ഷേവ് ചെയ്യാതെ അലക്കും കുളിയുമില്ലാതെ ജീവിതം ഹോമിക്കുന്ന യുവജനങ്ങൾ ഒന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. ദൈവം ദാനമായി നൽകിയ നമ്മുടെ ഈ ജീവിതം എന്തെല്ലാം നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. ജീവിതത്തിൽ വിശുദ്ധി കാത്തു പരിപാലിക്കുക എന്നതാണ് ഏറ്റവും വലിയ കാര്യം.

പല കുട്ടികളും മറ്റുള്ളവരുടെ പ്രേരണയ്ക്ക് വശംവദരായാണ് ഇത്തരം ലഹരിവസ്തുക്കളുടെ ഉപയോഗത്തിലേക്ക് തിരിയുന്നത്. നല്ല കൂട്ടുകാരെ കണ്ടെത്താനും സൗഹൃദം കാത്തുസൂക്ഷിക്കാനുമാണ് നാം ശ്രദ്ധിക്കേണ്ടത്. ചതിക്കുഴികൾ ഒരുക്കി കാത്തുനിൽക്കുന്ന ദുഷ്ടന്മാരുടെ കെണിയിൽ അകപ്പെടാതിരിക്കാനുള്ള ജാഗ്രതയാണ് നമുക്കു വേണ്ടത്. മാതാപിതാക്കളും അധ്യാപകരും പറഞ്ഞുതരുന്ന നല്ല വാക്കുകളും ചിന്തകളും ശിരസ്സാവഹിച്ച് മുന്നേറാൻ കുട്ടികൾ ശ്രദ്ധിക്കണം.

**സാബു തോമസ്**
മലയാള വിഭാഗം അധ്യാപകൻ



Anandhu C.M. - Std IX



സ്റ്റഡി ടൂർ




പഠനോത്സവം



അദ്ധ്യാപക ദിനാചരണം



Abhishek Sebastian - Std IX



Aswin Rajesh - Std VIII





ABHAIDEV B.
മാത്സ്ഫെസ്റ്റ്
സ്റ്റേറ്റ് A ഗ്രേഡ്




ബാലശാസ്ത്രകോൺഗ്രസ്



ഓണാഘോഷം



സ്കൂൾ ശാസ്ത്രമേള



റെഡ് ക്രോസ്



സ്കൂൾ വാർഷികദിനാഘോഷം



സ്പോർട്സ്

## S.S.L.C പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയവർ

അഭിനന്ദനങ്ങൾ !



ALAN BENNY, ALANSON K. SIBY, AMAL SAJI, ANDREW THOMAS BAJU

ARAVIND KRISHNA, ARAVIND KRISHNAN, AYYAPPADAS P.B., CHRISS AUGUSTINE JOBIN

JISHNU PRAKASH, KIRAN AUGUSTINE, NYBIN BABY, R. DEVANAND, SRAVAN CHANDRAN T.J.



ഭിന്നശേഷി വാരാഘോഷം


## ST. AUGUSTINE'S HIGHER SECONDARY SCHOOL, RAMAPURAM

### അഡ്മിഷൻ ഉറപ്പാക്കുക

5 മുതൽ 9 വരെ ക്ലാസ്സുകളിലേയ്ക്ക്
(ഇംഗ്ലീഷ് മീഡിയം & മലയാളം മീഡിയം)

Ph: 04822-260371, Mob: 9446015731

## Salient Features

- NCC
- SPORTS
- VAST PLAYGROUND
- SMART CLASS ROOM
- MULTI MEDIA ROOM
- WELL EQUIPPED COMPUTER LAB
- REMEDIAL TEACHING
- ON-LINE CLASSES
- ECO-FRIENDLY GREEN SCHOOL CAMPUS
- SPECIAL COACHING FOR ENGLISH